**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2870** **13-12-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിൽ അസി. രജിസ്ട്രാർ/അസി.ഡയറക്ടർ തസ്തികയിലേക്കുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണവകുപ്പിൽ 2022 ലെ അസി. രജിസ്ട്രാർ/ അസി.ഡയറക്ടർ തസ്തികയിലേക്കുള്ള വകുപ്പുതല പ്രൊമോഷൻ (DPC) ലിസ്റ്റിൽ എത്രപേർ ഉൾപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | സഹകരണ വകുപ്പിൽ 2022 ലെ അസിസ്റ്റന്റ് രജിസ്ട്രാർ/ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്കുള്ള വകുപ്പുതല പ്രൊമോഷൻ (D.P.C.) ലിസ്റ്റിൽ 88 പേർ ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിലേക്ക് നാളിതുവരെ എത്രപേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത തസ്തികയിലേക്ക് നാളിതുവരെ 71 പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. |
| (സി) | 2022 ജൂണിനു ശേഷം പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളുണ്ട് എന്ന് വ്യക്തമാക്കാമോ; | (സി) | 2022 ജൂണിനു ശേഷം അസിസ്റ്റന്റ് രജിസ്ട്രാർ/ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ 11 ഒഴിവുകളുണ്ട്. |
| (ഡി) | 2022 ജനുവരിക്ക് ശേഷം ഏതൊക്കെ വകുപ്പുകളിൽ/ സ്ഥാപനങ്ങളിൽ/സഹകരണ സംഘങ്ങളിൽ പ്രസ്തുത കേഡറിൽ നിന്നുമുള്ള ഡെപ്യൂട്ടേഷൻ /മറ്റ് നിയമനങ്ങൾ നിർത്തലാക്കി എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ഡി) | 2022 ജനുവരിക്ക് ശേഷം സഹകരണ സംഘങ്ങളിൽ പ്രസ്തുത കേഡറിൽ നിന്നുള്ള ഡെപ്യൂട്ടേഷൻ/മറ്റ് നിയമനങ്ങൾ നിർത്തലാക്കിയത് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>അസിസ്റ്റന്റ് രജിസ്ട്രാർ/ ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, കണ്ണൂർ റീജിയൺ, കണ്ണൂർ ജില്ല.<br><br>അസിസ്റ്റന്റ് ഡയറക്ടർ/ കൺകറന്റ് ആഡിറ്റർ, കൊല്ലൂർവിള സർവ്വീസ് സഹകരണ ബാങ്ക്, കൊല്ലം ജില്ല.<br><br>അസിസ്റ്റന്റ് ഡയറക്ടർ/ കൺകറന്റ് ആഡിറ്റർ, ചിറക്കടവ് സർവ്വീസ് സഹകരണ ബാങ്ക്, കോട്ടയം ജില്ല.<br><br>അസിസ്റ്റന്റ് ഡയറക്ടർ/ കൺകറന്റ് ആഡിറ്റർ, പറവൂർ സർവ്വീസ് സഹകരണ ബാങ്ക്, എറണാകുളം ജില്ല.<br><br>അസിസ്റ്റന്റ് ഡയറക്ടർ/ കൺകറന്റ് ആഡിറ്റർ, വില്ലുങ്ങി വിത്തനശ്ശേരി സർവ്വീസ് സഹകരണ |

| | | | |
|---|---|---|---|
| | | | ബാങ്ക്, പാലക്കാട് ജില്ല.<br><br>അസിസ്റ്റന്റ് ഡയറക്ടർ/ കൺകറന്റ് ആഡിറ്റർ, പോസ്റ്റ് ടെലകോം & ബി.എസ്.എൻ.എൽ. എംപ്ലോയീസ് ഗ്രൂപ്പ്, കോട്ടയം ജില്ല.<br><br>അസിസ്റ്റന്റ് ഡയറക്ടർ/ കൺകറന്റ് ആഡിറ്റർ, മീനച്ചിൽ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, കോട്ടയം ജില്ല.<br><br>അസിസ്റ്റന്റ് രജിസ്ട്രാർ/സെക്രട്ടറി, റയിൽവേ മെൻസ് ഹൗസ് ബിൽഡിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, എറണാകുളം ജില്ല. |
| (ഇ) | 2022 ജൂണിനു ശേഷം അസി. രജിസ്ട്രാർ / അസി. ഡയറക്ടർ തസ്തിക മുതൽ അഡീഷണൽ ഡയറക്ടർ തസ്തിക വരെ എത്ര പേർ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (ഇ) | സഹകരണ വകുപ്പിൽ ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ തസ്തികയിൽ ഒരാളും അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ 6 പേരും ഉൾപ്പടെ 7 പേർ 2022 ജൂണിനു ശേഷം സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ